പേരിലായിരിക്കെ കൊല്ലം കാപ്പെക്സിൽ നിന്നും 1996-98 കാലയളവിൽ പ്രസ്തുത ഫ്ളാറ്റിന്റെ പേരിൽ ഏതെങ്കിലും തരത്തിൽ സാമ്പത്തിക വിനിമയം നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) കമ്പനി ആവശ്യത്തിന് ഈ ഫ്ളാറ്റ് എടുത്തിരുന്നുവോ;

(ഡി) പ്രസ്തുത ഫ്ളാറ്റ് കാപ്പെക്സിന്റെ ഓഫീസായിട്ട് ഉപയോഗിച്ചിട്ടുണ്ടോ;

(ഇ) താമസത്തിനാണ് ഉപയോഗിച്ചതെങ്കിൽ അതിന് ഗവൺമെന്റ് അനുമതി നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പൂർണ്ണ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) എം.ഡി.ക്കുവേണ്ടി 1996-99 കാലയളവിൽ കാപ്പെക്സ് വാടക അടയ്ക്കുകയും, ആ പീരിയഡിൽ അദ്ദേഹം ഫുൾ. എച്ച്.ആർ.എ വാങ്ങുകയും ചെയ്തിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് അന്വേഷിച്ച് ശിക്ഷണ നടപടികൾ കൈക്കൊള്ളുമോ;

(ജി) തിരുവനന്തപുരത്തുനിന്നും കൊല്ലത്തേക്ക് 1996-98 കാലയളവിൽ ഓഫീസ് കാറിൽ യാത്ര ചെയ്യുന്നതിന് എം.ഡി. ചെലവാക്കിയ തുക എത്ര;

(എച്ച്) ഇതിന് മുൻകൂർ അനുമതിയില്ലാത്തപക്ഷം തുക തിരിച്ചടപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഏതു വിധത്തിൽ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഫ്ളാറ്റിന്റെ വാടക കാപ്പെക്സ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫ്ളാറ്റ് മുൻ കാപ്പെക്സ് എം.ഡി.യുടെ വസതിയായി ഉപയോഗിച്ചിരുന്നു.

(സി)&(ഡി)ഇ.എഫ്.116 ഗ്രൗണ്ട് ഫ്ളോർ ഫ്ളാറ്റ് കമ്പനി ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ല. കാപ്പെക്സ് എം.ഡി.യുടെ വസതിയായിട്ടാണ് ഉപയോഗിച്ചിട്ടുള്ളത്.

(ഇ) ഗവൺമെന്റ് അനുമതി നൽകിയിട്ടില്ല.

(എഫ്) ഇക്കാര്യം അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) 1996-98 കാലയളവിൽ ഓഫീസ് കാർ സ്വകാര്യ ആവശ്യത്തിന് ഉപയോഗിച്ചതായി രേഖയില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

16 (1744) പനകയറ്റത്തൊഴിലാളികളുടെ ക്ഷേമം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പനകയറ്റത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി 1982-ൽ രൂപീകൃതമായ കെൽപാം പ്രവർത്തനത്തിനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തമൂലം ഇന്ന് സ്തംഭനാവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന് അറിയുമോ;

(ബി) പനകയറ്റത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ, ഇൻഷ്വറൻസ്, പെൻഷൻ, ഭവന നിർമ്മാണ പദ്ധതികൾ എന്നിവയ്ക്കും പാം നഴ്സറി, സെൻട്രലൈസ്ഡ് പ്ലാന്റ്, മാർക്കറ്റിംഗ് യൂണിറ്റ് എന്നിവയ്ക്കും ആവശ്യമായ തുക നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കെൽപാം-ന്റെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് അതിന്റെ ഉൽപ്പന്നങ്ങളെ വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിലും കെൽപ്പാമിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലല്ല.

(ബി) പനകയറ്റത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികളും മറ്റ് വികസനപദ്ധതികളുടെ നിർദ്ദേശങ്ങളും വിശദമായി പരിശോധിച്ചതിനു ശേഷം സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ നികുതിവകുപ്പിന്റെ പരിഗണനയിലാണ്.

17 (1745) സബ്സിഡി കുടിശ്ശിക ലഭിക്കുന്നതിന് നല്കിയ നിവേദനം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധയിനങ്ങളിലെ സബ്സിഡി കുടിശ്ശിക ലഭിക്കുന്നതിനു വേണ്ടി കണ്ണൂർ ജില്ലാ വീവേഴ്സ് സൊസൈറ്റീസ് അസ്സോസിയേഷൻ നല്കിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) സബ്സിഡി കുടിശ്ശിക ലഭിക്കാത്തതുമൂലം തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകുവാൻ കഴിയുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സബ്സിഡി കുടിശ്ശിക ഇനത്തിൽ എത്ര സംഖ്യ ജില്ലയിൽ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly